രൂപീകരിച്ച് കമ്പനി നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചശേഷം അതു നടക്കാത്തപക്ഷം ജീവനക്കാരെയെല്ലാം സാമൂഹിക സുരക്ഷിതത്വപദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാരിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചാണ് കൂടുതൽ നടപടി എടുക്കുന്നത്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണം

5 [425] ശ്രീ. ടി. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പരിഷ്കരണത്തിനുള്ള ശുപാർശകൾ ഏതൊക്കെ ഏജൻസികളിൽ നിന്നാണ് സർക്കാർ സ്വീകരിച്ചത്;

(സി) ഏതൊക്കെ സ്ഥാപനങ്ങളാണ് പരിഷ്കരണത്തിനുവേണ്ടി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോ സ്ഥാപനത്തിലും ലക്ഷ്യമിടുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇതിനകം നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പരിഷ്കരണത്തെ സംബന്ധിച്ച് അതാത് മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കിത്തീർക്കത്തക്ക രീതിയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ഒരു എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരമാവധി സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിറുത്തി പുനരുദ്ധരിക്കുന്നതിനും അല്ലാത്തവയിൽ മാത്രം സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും ലക്ഷ്യമിട്ടിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പിരിഞ്ഞുപോകേണ്ടിവരുന്ന ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം) കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇ.ആർ.സി. നൽകുന്ന പരിഷ്കരണ ശുപാർശകൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിശോധനയ്ക്കും നിർദ്ദേശത്തിനും ശേഷമാണ് സർക്കാർ തീരുമാനത്തിനായി പരിഗണിക്കപ്പെടുന്നത്.

(സി) പരിഷ്കരണത്തിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി ആന്റ് ഇ) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(എഫ്) ഇ. ആർ. സി. തൊഴിലാളി യൂണിയനുകളുമായി ഇക്കാര്യത്തിൽ ആവശ്യമായ ചർച്ചകൾ നടത്തിയശേഷമാണ് തീരുമാനമെടുക്കുന്നത്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

6 [426] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എഫ്. എ. സി. റ്റി., എച്ച്. എൻ. എൽ., ഐ. റ്റി. ഐ. തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതായി അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഡി) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ഉണ്ടായിട്ടുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

† അനുബന്ധം V & V(a)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[22-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (425) കാണുക]

List of SLPEs Studied by the ERC

1 Astral Watches Ltd.
2 Keltron Component Complex Ltd.
3 Keltron Counters Ltd.
4 Keltron Rectifiers Ltd.
5 Kerala Construction Components Ltd.
6 Kerala Garments Ltd.
7 Kerala Soaps & Oils Ltd.
8 Kerala State Detergents & Chemicals Ltd.
9 Kerala State Drugs & Pharmaceuticals Ltd.
10 Kerala State Salicylate & Chemicals Ltd.
11 Kerala State Textiles Corporation Ltd.
12 Scooters Kerala Ltd.
13 Sitaram Textiles Ltd.
14 Steel Complex Ltd.
15 The Cannanore Co-operative Spinning Mills Ltd.
16 The Kerala Ceramics Ltd.
17 The Malappuram Co-operative Spinning Mills Ltd.
18 The Metropolitan Engineering Company Ltd.
19 The Quilon Co-operative Spinning Mills Ltd.
20 The Trichur Co-operative Spinning Mills Ltd.
21 Travancore Plywood Industries Ltd.
22 Trivandrum Spinning Mills Ltd.
23 United Electrical Industries Ltd.
24 Autokast Ltd.
25 Kerala Electrical & Allied Engineering Company Ltd.
26 Transformers & Electricals Kerala Ltd.
27 Forest Industries (Travancore) Ltd.
28 Travancore Sugars and Chemicals Ltd.
29 Keltron Crystals Ltd.
30 Keltron Electro Ceramics Ltd.
31 Keltron Magnetic Ltd.

2/404/2012—39a.

LIBRARY ARCHIVES Kerala Legislative Assembly

32 Keltron Resisters Ltd.
33 Steel & Industrial Forgings Ltd.
34 Steel Industrials Kerala Ltd.
35 The Co-operative Sugers Ltd., Chittur.
36 The Metal Industries Ltd.
37 Four production units of Kerala Small Industries Development Corporation Ltd.
38 Mannam Sugar Mills Co-operative Ltd.
39 Travancore Cements Ltd.
40 Traco Cable Company Ltd.
41 Kerala Agro Industries Corporation Ltd.
42 Kerala State Industrial Products Trading Corporation Ltd.
43 Keltron Power Devices Ltd.
44 Trivandrum Rubber Works Ltd.

അനുബന്ധം V(a)

[22-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (425) കാണുക]

Enterprise Reforms Committe സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ തീരുമാനം ചുവടെ ചേർക്കുന്നു. Kerala State Drugs & Pharmaceuticals യുടെ formulation division, Sitaram Textiles (spinning unit), Kerala State Textile Corporation-ന്റെ യൂണിറ്റുകളായ Ederikode Textiles, Praphuram Mills, Kerala Ceramics (Kaolin division) മുതലായവ പൊതുമേഖലയിൽതന്നെ നിലനിർത്താനാണ് തീരുമാനം. Trivandrum Spinning Mills Ltd., Kerala Soaps & Oils Ltd., Kerala Ceramics-ന്റെ Porcelain Division, Kerala State Textiles Corporation-ന്റെ ഒരു യൂണിറ്റായ Malabar Spinning & Weaving Mills എന്നിവയിൽ ജീവനക്കാർക്ക് VRS നൽകിയശേഷം അടച്ചുപൂട്ടുന്നതിനും, Keltron Counters, Astral Watches, Kerala State Drugs & Pharmaceuticals യുടെ Vitamine-A Division, Kerala State Salicylates & Chemicals, Sitaram Textiles, Autokast, Kerala State Detergents & Chemicals, Travancore Plywood Industries, Kottayam Textiles of Kerala State Textile Corporation എന്നിവയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണവുമാണ് തീരുമാനിച്ചിരിക്കുന്നത്.

Enterprise Reforms Committe-യുടെ ശുപാർശകളിൻമേൽ സാമൂഹിക സുരക്ഷിതത്വ പദ്ധതി നടപ്പിൽ വരുത്തിയ സ്ഥാപനങ്ങളുടേയും, സർക്കാരിൽ നിന്നു ലഭിച്ച ധനസഹായത്തിന്റേയും വിവരം അനുബന്ധമായി ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Keltron Counters, Astral Watches, Kerala State Salicylates & Chemicals, Kerala State Detergents & Chemicals, Travancore Plywood Industries എന്നിവയിലെ സർക്കാർ ഓഹരി കുറയ്ക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകരെ ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്യുകയും അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

TELK-ൽ അധികമുള്ള ജീവനക്കാരെ Employee Seperation Scheme-ൽ കൊണ്ടു വന്നതിനുശേഷം സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണത്തിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾതന്നെ TELK-ൽ സ്വകാര്യ പങ്കാളിത്തമുണ്ട്. സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി IDBI-യെ Transaction Advisor ആയി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

United Electricals-ൽ അധികമുള്ള ജീവനക്കാരെ Employee Seperation Scheme-ൽ കൊണ്ടുവന്നതിനുശേഷം പൊതുമേഖലയിൽതന്നെ നിലനിർത്തി പുനരുദ്ധരിക്കാനാണ് തീരുമാനം. 123 ജീവനക്കാർക്ക് SSNP നടപ്പിൽ വരുത്തുന്നതിനായി 331.28 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

Kerala Construction Components- ൽ ഉള്ള എല്ലാ ജീവനക്കാരെയും തൊഴിലാളി യൂണിയനുകളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ സർക്കാർ നടപ്പിലാക്കുന്ന ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനും, കമ്പനി അടച്ചു പൂട്ടുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. 105 ജീവനക്കാർക്ക് SSNP നടപ്പിൽ വരുത്തുന്നതിനായി 138.26 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്. കമ്പനി ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Kerala Garments-ൽ ജീവനക്കാർക്ക് VRS നടപ്പിലാക്കുകയും ഒരു Employee's Co-operative Society രൂപീകരിച്ച് കൈമാറാനുമാണ് തീരുമാനം. 147 ജീവനക്കാർക്ക് SSNP നടപ്പിൽ വരുത്തുന്നതിനായി 171.96 ലക്ഷം രൂപ നൽകുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

Keltron Rectifiers-നെ സംബന്ധിച്ചുള്ള ERC-യുടെ ശുപാർശകളിൻമേലുള്ള സർക്കാർ തീരുമാനമനുസരിച്ച് മുഴുവൻ ജീവനക്കാർക്കും VRS നടപ്പിലാക്കുന്നതിനായി 417.95 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 377.11 ലക്ഷം രൂപ ഇതിനോടകം നൽകിക്കഴിഞ്ഞു.

Scooters Kerala Ltd.-ൽ Employee's Co-operative Society രൂപീകരിച്ച് കമ്പനി നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചതിനുശേഷം അതുനടക്കാത്തപക്ഷം ജീവനക്കാരെയെല്ലാം സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് കമ്പനി അടച്ചുപൂട്ടുന്നതിനാണു തീരുമാനിച്ചിരിക്കുന്നത്. ജീവനക്കാരിൽ നിന്നും കമ്പനി നടത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കാത്തതിനാൽ 48 ജീവനക്കാർക്ക് VRS, ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നിവ നൽകുന്നതിനായി 101.18 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

Metropolitan Engg. Company Ltd.-ൽ Employee's Co-operative Society രൂപീകരിച്ച് കമ്പനി നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചതിനുശേഷം അതു നടക്കാത്ത പക്ഷം ജീവനക്കാരെയെല്ലാം സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് കമ്പനി അടച്ചു പൂട്ടുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിൻ പ്രകാരം 119 ജീവനക്കാർക്ക് VRS Exgratia നൽകുന്നതിനായി 205.52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

KEL-നെ സാമ്പത്തികമായി പുനരുദ്ധരിച്ച് തൊഴിലാളികളുടെ എണ്ണം ആവശ്യാനുസരണം കുറച്ച് സഹകാര്യമേഖലയിലെ നിക്ഷേപകരുടെ സഹായത്തോടെ പൊതുമേഖലയിൽ തന്നെ നിലനിർത്താനാണ് സർക്കാർ നിർദ്ദേശം. ഇതിന്റെ ഭാഗമായി നഷ്ടത്തിൽ നടക്കുന്ന ഡിവിഷനുകളിലെ ജീവനക്കാരെ മറ്റു ഡിവിഷനുകളിലേക്ക് മാറ്റുകയോ അതല്ലെങ്കിൽ സാമൂഹികസുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നു ആ യൂണിറ്റിന്റെ പ്രവർത്തനം നിർത്തുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്.

കൂടാതെ സഹകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പുനരുദ്ധാരണവും സർക്കാർ പരിശോധിച്ചുവരുന്നു. കെല്ലിന്റെ ഒലവക്കോട് യൂണിറ്റിലെ ലാഭകരമല്ലാത്ത പ്രൊഡക്ഷൻ നിർത്തലാക്കിയിട്ട് തൊഴിലാളികളെ അവരുടെ ആവശ്യമനുസരിച്ച് വി.ആർ.എസ്. നൽകുകയോ, മറ്റു യൂണിറ്റുകളിലേക്ക് മാറ്റുകയോ ചെയ്യാനാണ് തീരുമാനം. ഒലവക്കോട് യൂണിറ്റ് പ്രവർത്തിക്കുന്നതുമൂലം KEL-ന്റെ 2001-02-ലെ പ്രവർത്തനത്തിൽ ഏകദേശം 91 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതുവരെ അവിടെയുള്ള 49 തൊഴിലാളികൾ സ്വമേധയാ വി.ആർ.എസിന് അപേക്ഷിച്ചിട്ടുണ്ട്.

Keltron Component Complex Ltd.-ൽ അധികമുള്ള ജീവനക്കാർക്ക് VRS നടപ്പിലാക്കുന്നതിനും OTS നടപ്പിലാക്കിയതിനും ശേഷം കമ്പനിയിലെ KSEDC-യുടെ ഓഹരി 50% താഴെയായി നിജപ്പെടുത്തി സഹകാര്യ സംരംഭകനെ മാനേജ്മെന്റ് ഏൽപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

Steel Complex Ltd.-നെ സഹകാര്യമേഖലയുടെ പങ്കാളിത്തത്തോടുകൂടി പുനരുദ്ധരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. സഹകാര്യ സംരംഭകനെ കണ്ടെത്താൻ സാധിക്കാത്തപക്ഷം എല്ലാ ജീവനക്കാർക്കും SSNP നൽകി കമ്പനി അടച്ചുപൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ERC റിപ്പോർട്ടനുസരിച്ച് Quilon Co-operative Spinning Mills, Trichur Co-operative Spinning Mills, Malappuram Co-operative Spinning Mills, Cannanore Co-operative Spinning Mills എന്നീ നാലു സ്പിന്നിംഗ് മില്ലുകളെ TEXFED-ന്റെ അധീനതയിൽ കൊണ്ടുവരുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതനുസരിച്ച് ഈ സ്ഥാപനങ്ങളിലെ സർക്കാർ ഇക്വിറ്റി TEXFED-ന് കൈമാറാനും തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly